LIBRARY ARCHIVES Kerala Legislative Assembly

അശാസ്ത്രീയ ട്രോളിംഗ് പിൻവലിക്കാൻ നടപടി

110 (1002) ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൺസൂൺ കാല ട്രോളിംഗ് നിരോധന നടപടികൾ നടപ്പാക്കുന്നതിൽ വന്ന വീഴ്ചകൾമൂലം മൽസ്യമേഖല സംഘർഷഭരിതമായിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വൻകിട ബോട്ടുടമകളുടെയും കയറ്റുമതിക്കാരുടെയും പ്രേരണയാൽ പരമ്പരാഗത മൽസ്യത്തൊഴിലാളികളെ അധികൃതർ ദ്രോഹിക്കുന്നതായുള്ള റിപ്പോർട്ടുകൾ സർക്കാരിനു ലഭിച്ചിട്ടുണ്ടോ ;

(സി) കാരിയർ വള്ളങ്ങൾ ഉപയോഗിക്കുന്നതിനെതിരെ ചിലയിടങ്ങളിൽ നിരോധനം ഏർപ്പെടുത്തുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ ;

(ഡി) ബോട്ടുടമകളും പരമ്പരാഗത തൊഴിലാളികളും തമ്മിൽ സംഘർഷത്തിനിടയാക്കുന്ന അശാസ്ത്രീയ ട്രോളിംഗ് പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ട്രോളിംഗ് നിരോധനം നടപ്പാക്കുന്നതിൽ വീഴ്ചകളൊന്നും ഉണ്ടായിട്ടില്ല.

(ബി) ഇല്ല.

(സി) 2003 ജൂൺ 15 മുതൽ ജൂലൈ 29 വരെ കാരിയർ വള്ളങ്ങൾ ഉപയോഗിക്കുന്നത് നിരോധിച്ചിട്ടുണ്ട്.

(ഡി) ട്രോളിംഗ്മൂലം ബോട്ടുടമകളും മൽസ്യത്തൊഴിലാളികളും തമ്മിൽ സംഘർഷമുണ്ടാകാതിരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

മൽസ്യബന്ധനത്തിന് നിരോധിക്കപ്പെട്ട വലകൾ

111 (1003) ശ്രീ. ഡി. സുഗതൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൽസ്യബന്ധനത്തിന് നിരോധിക്കപ്പെട്ട വലകൾ ഏതെല്ലാമാണ് ;

(ബി) ഇത്തരം വലകൾ സാധാരണയായി ഉപയോഗിക്കുന്നതാരാണ് ;

(സി) ഇത്തരം വല ഉപയോഗിക്കുന്നവർക്കെതിരെ സ്വീകരിക്കുന്ന നടപടികളെന്താണ് ;

(ഡി) ഇക്കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ഇത്തരം വലയുപയോഗിച്ച എത്ര പേരുടെമേൽ നടപടിയെടുത്തുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ)

1. മിക്ക്വാട്ടർ ട്രാൾനെറ്റ്
2. പെലാജിംഗ് ട്രാൾനെറ്റ്
3. റിംഗ്സീൻ നെറ്റ്
4. പേഴ്സീൻ നെറ്റ്
5. 35 മി. മീ ബ്രെഷ് സൈസിൽ താഴെയുള്ള ട്രാൾനെറ്റ്
6. ട്രോളിംഗ് നിരോധന കാലയളവിൽ ബോട്ടംട്രാൾ വലകൾ

(ബി) യന്ത്രവൽക്കൃത ബോട്ടുകളും യന്ത്രം ഘടിപ്പിച്ച വള്ളങ്ങളും.

(സി) കടൽ മത്സ്യബന്ധന നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ നിരോധിത വലകൾ ഉപയോഗിച്ച 5 യന്ത്രവൽകൃത വള്ളങ്ങളുടെയും 2 യന്ത്രവൽക്കൃത ബോട്ടുകളുടെയും പേരിൽ നടപടിയെടുത്തിട്ടുണ്ട്.

മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫീസ് ആനുകൂല്യം നൽകുന്നതിനുള്ള പദ്ധതി

112 (1004) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ടൂറിസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിന് ഫീസ് ആനുകൂല്യം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ ;

(സി) എല്ലാ വിഭാഗം മൽസ്യത്തൊഴിലാളികളുടെ മക്കൾക്കും ഫീസ് ആനുകൂല്യം നൽകുമോ ;

(ഡി) കണക്കാക്കപ്പെട്ടത്പ്രകാരം എത്ര വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം നൽകേണ്ടി വരുമെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly